ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 18.09.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനും, രാഷ്ട്രീയ പോഷൺ മാസാചരണത്തിനും രാജ്യത്ത് തുടക്കമായി.

**The nationwide Swasth Nari, Sashakt Parivar Abhiyaan, and the 8 th Rashtriya Poshan Maah campaign launched.**

2) ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിലെ ബാലറ്റ് പേപ്പറുകളുടെ രൂപകൽപ്പനയിൽ മാറ്റങ്ങൾ നിർദ്ദേശിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Election Commission of India revises guidelines for design and printing of EVM Ballot Papers.**

3) ഡിഫൻസ് എസ്റ്റേറ്റ്സ് ഡയറക്ടറേറ്റ് ജനറൽ സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ ദേശീയ സമ്മേളനം 'മൻഥൻ 2025' ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും.

**The two-day national conference, MANTHAN 2025, organised by the Directorate General of Defence Estates will begin in New Delhi today.**

4) സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.

**The Kerala-European Union Conclave on ocean-based economic growth will begin today in Thiruvananthapuram.**

5) അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ വിദ്യാഭ്യാസവിലക്ക് പിൻവലിക്കണമെന്ന് യുനിസെഫ്.

**UNICEF has called on the Taliban regime in Afghanistan to lift the ban on girls' education.**

6) ഏഷ്യാ കപ്പ് ട്വന്റി -20 ക്രിക്കറ്റിൽ യു.എ.ഇ യ്ക്കെതിരെ പാകിസ്ഥാന് ജയം.

**In Asia Cup T20 cricket Pakistan secured a victory against UAE.**

**************************************************

## PM– MADHYA PRADESH

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനും, രാഷ്ട്രീയ പോഷൺ മാസാചരണത്തിനും രാജ്യത്ത് തുടക്കമായി. രാഷ്ട്ര പുരോഗതിയുടെ ചാലക ശക്തികളാണ് സ്ത്രീകളെന്ന് മധ്യപ്രദേശിലെ ധാറിൽ പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിക്കവെ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കുമായി, രാജ്യത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരുലക്ഷത്തിലധികം ആരോഗ്യ ക്യാമ്പുകൾ ഇതോടനുബന്ധിച്ച് അടുത്ത രണ്ടാഴ്ചയ്ക്കിടെ സംഘടിപ്പിക്കും.

**************************************************

## EC – EVM BALLOT PAPER

ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിലെ ബാലറ്റ് പേപ്പറുകളുടെ വ്യക്തതയും വായനാക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പനയിലും അച്ചടിയിലും മാറ്റങ്ങൾ നിർദ്ദേശിച്ച്

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇത് സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ കത്തയച്ചു. ബാലറ്റ് പേപ്പറിൽ ഇനിമുതൽ സ്ഥാനാർത്ഥികളുടെ ബഹുവർണ ചിത്രങ്ങളാകും നൽകുക. എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകളും നോട്ടയും ഒരേ ശൈലിയിലും വലിപ്പത്തിലുമുള്ള അക്ഷരത്തിൽ അച്ചടിക്കും. ബിഹാർ തിരഞ്ഞെടുപ്പ് മുതൽ ഇവ ഉപയോഗിക്കുമെന്ന് കമ്മീഷൻ അറിയിച്ചു.

**************************************************

## SEVA PARV – AGRI ALLIED SECTORS (INTRO)

കഴിഞ്ഞ 11 വർഷമായി സദ്ഭരണവും പൊതുസേവനവും മുഖമുദ്രയാക്കിയാണ് കേന്ദ്ര സർക്കാർ രാജ്യവികസനത്തിനായി പ്രവർത്തിക്കുന്നത്. ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയായ 'സേവ പർവിൽ' കാർഷികമേഖലയുടെ പരിവർത്തനത്തിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുന്നു

(ഹോൾഡ് മ്യൂസിക്)

## SEVA PARV – AGRI ALLIED SECTORS (VOICE)

( മ്യൂസിക്)

കാർഷിക വിളകൾക്ക് പുറമേ മൃഗസംരക്ഷണം, മത്സ്യബന്ധനം, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിലെയും പുരോഗതിക്ക് കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കി. ഈ പരിഷ്കരണങ്ങൾ പുതിയ വരുമാന സ്രോതസ്സുകൾ സൃഷ്ടിക്കുകയും ഗ്രാമീണ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിരത വർദ്ധിപ്പിക്കുകയും ചെയ്തു. രാജ്യത്തിന്റെ വികസന പദ്ധതികളിൽ നിന്ന് എല്ലാ കർഷകർക്കും പ്രയോജനം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കുന്നുണ്ടെന്ന്

ഇത്തവണത്തെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടിരുന്നു.

(ഹോൾഡ് പിഎം)

പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ഉൽപ്പാദനത്തിലും രാജ്യം ഏറെ മുന്നിലാണ്. രാജ്യത്തിന്റെ സുരക്ഷിതവും സുസ്ഥിരവുമായ ഭാവിക്കായി കാർഷിക അനുബന്ധ മേഖലയിൽ എണ്ണമറ്റ അവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്.

(ഹോൾഡ് മ്യൂസിക്)

************************************************

## SEVA PARV

സേവാ പർവിനോട് അനുബന്ധിച്ച് ദൂരദർശനിലൂടെ പ്രത്യേക പരിപാടികളുടെ പരമ്പരയ്ക്ക് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് തുടക്കം കുറിച്ചു. മൂന്ന് ഡോക്യുമെന്ററികളും ഒരു ഫീച്ചർ ഷോയും അദ്ദേഹം പുറത്തിറക്കി. ആകാശവാണിയുടെ ദേശീയ, പ്രാദേശിക ചാനലുകളിലും സേവാ പർവ്വിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

************************************************

## RAJNATH-MANTHAN 2025

വികസിത ഭാരതത്തിലേക്ക് തന്ത്രപരമായ മാർഗരേഖ എന്ന ലക്ഷ്യത്തിലൂന്നി ഡിഫൻസ് എസ്റ്റേറ്റ്സ് ഡയറക്ടറേറ്റ് ജനറൽ സംഘടിപ്പിക്കുന്ന ദേശീയസമ്മേളനം 'മൻഥൻ 2025' ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. രണ്ടു ദിവസത്തെ സമ്മേളനം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്യും. സൈനികഭൂമി കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട പുനർവിചിന്തനം, നൂതന സാങ്കേതിക വിദ്യയും ഡിജിറ്റൽ ഉപകരണങ്ങളും പ്രയോജനപ്പെടുത്തൽ തുടങ്ങിയവയിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും.

**************************************************

## CHHATTISGARH - MAOISTS KILLED

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാസേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. മാവോയിസ്റ്റുകൾ ഒളിച്ചിരിപ്പുണ്ടെന്ന് ഇന്റലിജെൻസ് വിഭാഗം വിവരം നൽകിയതിനെ തുടർന്ന് സുരക്ഷ സേന തിരച്ചിൽ നടത്തുകയായിരുന്നു. പ്രദേശത്ത് നിന്ന് രണ്ട് മാവോയിസ്റ്റുകളുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഏറ്റുമുട്ടലിൽ രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. അതേസമയം, നാരായൺപൂർ ജില്ലയിൽ 12 മാവോയിസ്റ്റുകൾ ഇന്നലെ കീഴടങ്ങി.

**************************************************

## BSNL-MOU

രാജ്യത്തുടനീളം മൊബൈൽ കണക്റ്റിവിറ്റി വികസിപ്പിക്കുന്നതിനായി തപാൽ വകുപ്പും ബിഎസ്എൻഎലും ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഡിജിറ്റൽ വിടവ് നികത്തുക, ഗ്രാമീണ കുടുംബങ്ങളെ മൊബൈൽ സേവനങ്ങളിലൂടെ ശാക്തീകരിക്കുക, ഡിജിറ്റൽ ഇന്ത്യയുടെ ലക്ഷ്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദൂരഗ്രാമങ്ങളിലെ പൗരന്മാർക്ക് ബിഎസ്എൻഎലിന്റെ സേവനങ്ങൾ കൂടുതൽ മികച്ച രീതിയിൽ ലഭ്യമാക്കാൻ കരാർ വഴിയൊരുക്കും.

**************************************************

## AMIT SHAH

മുതിർന്ന ബി.ജെ.പി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ബീഹാറിലെത്തി. ബഗുസരായി, രോത്താസ് ജില്ലകളിലെ പാർട്ടി പ്രവർത്തകരുമായി അദ്ദേഹം ഇന്ന് ചർച്ച

നടത്തും. പട്നയിൽ എത്തിയ ശ്രീ.അമിത്ഷായെ കേന്ദ്ര സഹമന്ത്രി നിത്യാനന്ദ റായ് സ്വീകരിച്ചു.

***************************************************

## GST – TEXTILE

രാജ്യത്ത് ഈ മാസം 22 മുതൽ നടപ്പാക്കുന്ന ജി.എസ്.ടി ഘടനാ പരിഷ്ക്കരണം വസ്ത്ര നിർമാണ മേഖലയിൽ വൻ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രസർക്കാർ. റെഡിമെയ്ഡ് തുണിത്തരങ്ങളുടെ ജി.എസ്.ടി അഞ്ചു ശതമാനം വരെ കുറച്ചത് ഈ മേഖലയിലെ ഉത്പാദനം വർധിപ്പിക്കാൻ സഹായകമാകുമെന്നാണ് വിലയിരുത്തൽ. കൃത്രിമ ഫൈബർ തുണിത്തരങ്ങളുടെ ജി.എസ്.ടി 18 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചിട്ടുണ്ട്.

***************************************************

## ASHWINI VAISHNAW – GST (INTRO)

എല്ലാ മേഖലകളിലും സ്വയം പര്യാപ്തതയാണ് വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിലെ പ്രധാന ഘടകമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. പുതുതലമുറ ജിഎസ്ടി പരിഷ്ക്കരണം, മധ്യവർഗത്തിന്റെ ക്ഷേമം തുടങ്ങിയവയിലൂടെ സാമ്പത്തിക രംഗത്ത് സമഗ്ര മാറ്റം കൊണ്ടുവരുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിന് സാധിച്ചതായി അദ്ദേഹം ഡി ഡി ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു.

( വോയിസ്)

***************************************************

## MARITIME CONCLAVE

സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട രണ്ട് ദിവസത്തെ കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. കേന്ദ്ര സർക്കാരിന്റെയും യൂറോപ്യൻ യൂണിയന്റെയും സഹകരണത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ കേന്ദ്ര മന്ത്രിമാരായ സർബാനന്ദ സോനോവാൾ, രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ എന്നിവർ വിശിഷ്ടാതിഥികളാവും. 17 യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

*****************************************************

## ASIA CUP

ഏഷ്യാ കപ്പ് ട്വന്റി -20 ക്രിക്കറ്റ് ഗ്രൂപ്പ് - എ മത്സരത്തിൽ പാകിസ്ഥാന് ജയം. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ആതിഥേയരായ യു.എ.ഇ യെ 41 റൺസിനാണ് പാകിസ്ഥാൻ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക, അഫ്ഗാനിസ്ഥാനെ നേരിടും. രാത്രി 8 മണിക്ക് ഷെയ്ഖ് സയ്യിദ് സ്റ്റേഡിയത്തിലാണ് മത്സരം.

*****************************************************

## UNICEF-TALIBAN

അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ വിദ്യാഭ്യാസവിലക്ക് പിൻവലിക്കണമെന്ന് യുനിസെഫ്. വിദ്യാഭ്യാസത്തിനുള്ള നിയന്ത്രണങ്ങൾ കാരണം പെൺകുട്ടികൾ വീടുകളിൽ ഒതുങ്ങിയിരിക്കുകയാണെന്നും മാനസികാരോഗ്യ

പ്രശ്നങ്ങൾ, ശൈശവ വിവാഹം എന്നിവ നേരിടുന്നുണ്ടെന്നും യു.എൻ ഏജൻസി മുന്നറിയിപ്പ് നൽകി. ഈ വർഷം അവസാനത്തോടെ 22 ലക്ഷത്തിലധികം പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്ന് ഒഴിവാക്കപ്പെടുമെന്ന് യുനിസെഫ് പ്രസ്താവനയിൽ പറഞ്ഞു. നാലുവർഷം മുമ്പ് താലിബാൻ അധികാരം പിടിച്ചെടുത്തതിന് തൊട്ടുപിന്നാലെയാണ് അഫ്ഗാനിസ്ഥാനിൽ പെൺകുട്ടികൾക്ക് സെക്കൻഡറി വിദ്യാഭ്യാസം നിരോധിച്ചത്.

****************************************************

## PM – SHORT FILM

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 75 -ാാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി പേരൂർക്കട പി. എം. ശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ, പ്രധാനമന്ത്രിയുടെ ബാല്യകാലം പ്രമേയമാക്കി ചിത്രീകരിച്ച ചലോ ജീത്തേ ഹേ എന്ന ബയോപിക് ഷോർട്ട് ഫിലിമിൻറെ പ്രദർശനം ഇന്നലെ നടന്നു. ശക്തവും വൈകാരികവുമായ സന്ദേശമാണ് ചിത്രം പകർന്നു നൽകുന്നത്.

****************************************************

## STATE CABINET

ഭരണത്തിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'മുഖ്യമന്ത്രി എന്നോടൊപ്പം ' - സി എം വിത്ത് മി എന്ന പേരിൽ സമഗ്ര സിറ്റിസൺ കണക്ട് സെൻറർ ആരംഭിക്കുന്നതിന് സംസ്ഥാനമന്ത്രിസഭാ യോഗം തീരുമാനിച്ചു. ജനങ്ങൾ വികസനത്തിലെ ഗുണഭോക്താക്കൾ മാത്രമല്ല നാടിൻ്റെ ഭാവി രൂപപ്പെടുത്തുന്നതിന് സജീവ പങ്കാളികളാണ് എന്ന് ഉറപ്പാക്കുകയാണ് സംവിധാനത്തിന്റെ ലക്ഷ്യം. 2025 ലെ മലയാള ഭാഷ ബില്ലിൻറെ കരടിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

*************************************************

## NIYAMASABHA

ജനവാസകേന്ദ്രങ്ങളിൽ അക്രമകാരികളായ വന്യമൃഗങ്ങളെ കൊല്ലാൻ അധികാരം നൽകുന്നതിനുള്ള നിയമഭേദഗതി ബിൽ ഇന്ന് നിയമസഭ പരിഗണിക്കും. 2025 ലെ വന്യജീവി സംരക്ഷണം കേരള ഭേദഗതി ബിൽ, കേരള വന ഭേദഗതി ബിൽ എന്നിവ വനംമന്ത്രി എ കെ ശശീന്ദ്രനാണ് അവതരിപ്പിക്കുന്നത്. കേരള കയർതൊഴിലാളി ഭേദഗതി ബില്ലും നിയമസഭ പരിഗണിക്കും. നടപ്പു സാമ്പത്തികവർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളുടെ പ്രസ്താവന ധനമന്ത്രി കെ.എൻ.ബാലഗോപാൽ സഭയുടെ മേശപ്പുറത്തുവയ്ക്കും.

************************************************************************************

*************************************************